**POLICE** **DEPARTMENT**

**KERALA**

**No. G2-36968/2014/ID**
District Police Office,
Idukky
spidk.pol@kerala.gov.in
04862232354
Dated. 22-09-2016

## ലേല പരസ്യം

ഇടുക്കി ജില്ലയിലെ കാളിയാർ പോലീസ് സ്റ്റേഷൻ വളപ്പിൽ നിൽക്കുന്ന 13 മരങ്ങളും മുറിച്ച് മാറ്റി സൂക്ഷിച്ചിരിക്കുന്ന 7 മരങ്ങളും2016 നവംബർ 16 -)o തിയതിയിൽ പകൽ11 മണിക്ക് കാളിയാർ പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ് . ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായ 40000/- രൂപ അടച്ച രസീത് കൈ പറ്റേണ്ടതുമാണ് . കൂടാതെ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ് . കവറിന്റെ പുറത്ത് കാളിയാർ പോലീസ് സ്റ്റേഷൻ വളപ്പിലെ ലേലത്തിൻറെ ദർഘാസ് എന്ന് എഴുതിയിരിക്കണം . ദർഘാസ് 2016 നവംബർ 14 -)o തീയതി 5 പിഎം വരെ ഇടുക്കി ജില്ലാ പോലീസ് ഒഫ്ഫീസിലും ,കാളിയാർ പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിലും സ്വീകരിക്കുന്നതാണ് .ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ എടുത്ത നിരതദ്രവ്യത്തിന് തുല്യമായ തുകയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം .

ലേലം അവസാനിച്ചാലുടൻ ദര്ഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക/ ദർഘാസ് തുക ഇതിൽ ഏതാണോ കൂടുതൽ ആയതിന് ലേലം താൽകാലികമായി ഉറപ്പിക്കുന്നതാണ് .ലേലത്തിൽ പരാജയപ്പെടുന്നവർക്ക് നിരതദ്രവ്യം തിരികെ നൽകുന്നതാണ് .ലേലം കൊണ്ട ആൾ ലേലത്തുകയുടെ /ദർഘാസ് തുകയുടെ പകുതി സംഖ്യ ഉടൻതന്നെ അടക്കേണ്ടതാണ് .ലേലത്തുകയുടെ 14.5 % വാറ്റും,ലേലത്തുകയും വാറ്റും ചേർന്ന തുകയുടെ 5% വന വികസന നികുതിയായും അടച്ച് രസീത് കൈ പറ്റേണ്ടതുമാണ് . ബാക്കി തുക ലേലം /ദർഘാസ് സ്ഥിര പ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിൽ മരങ്ങൾ മുറിച്ച് മാറ്റി കൊണ്ട് പോകേണ്ടതാണ് .

ലേലം കൊണ്ട ആൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൾ കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ് . പുനർലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയത് ആദ്യം ലേലംകൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ് .പുനർലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിന് ടിയാൻ അവകാശിയായിരിക്കുന്നതല്ല .ലേലവസ്തുക്കൾ 2016 നവംബർ 14 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ കാളിയാർ പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ രാവിലെ 10 മണിക്കും 4 മണിക്കും ഇടക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ് . യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനോ അസ്ഥിര പ്പെടുത്തുന്നതിനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ് . ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമാണ് .

### ലേലവസ്തുക്കൾ

| ക്രമ നംബർ | ഇനം | ബി .എച്ച് വണ്ണം (മീറ്റർ ) | വ്യാപ്തം (M3) |
|---|---|---|---|
| 1 | മഹാഗണി | 1.52 | 1.247 |
| 2 | വാക | 2.10 | 2.360 |
| 3 | അക്കേഷ്യ | 1.06 | 0.434 |
| 4 | അക്കേഷ്യ | 1.07 | 0.434 |
| 5 | അക്കേഷ്യ | 0.80 | 0.175 |
| 6 | അക്കേഷ്യ | 1.62 | 1.062 |
| 7 | അക്കേഷ്യ | 1.63 | 1.062 |
| 8 | പാല | 2.63 | 4.026 |
| 9 | വാക | 2.19 | 2.065 |
| 10 | മഹാഗണി | 1.65 | 1.449 |

| | | | |
|---|---|---|---|
| 11 | ചൂള | 2.04 | 1.820 |
| 12 | വാക | 1.13 | 0.547 |
| 17 | പ്ലാവ് | 1.34 | 0.879 |

**മുറിച്ച് മാറ്റി സൂക്ഷിച്ചിരിക്കുന്ന മരങ്ങൾ**

| ക്രമ നംബർ | ഇനം | നീളം | മധ്യ വണ്ണം (മീറ്റർ) | വ്യാപ്തം (M3) |
|---|---|---|---|---|
| 1 | മഴമരം | 10.3 | 2.35 | 3.5 |
| 2 | മഴമരം | 9.05 | 2.7 | 4.12 |
| 3 | പ്ലാവ് | 4.2 | 1.0 | 0.26 |
| 4 | മഹാഗണി (1)<br>മഹാഗണി (2) | 8.85<br>4.4 | 1.5<br>1.2 | 1.24<br>0.39 |
| 5 | മഹാഗണി (1)<br>മഹാഗണി (2)<br>മഹാഗണി (3) | 10.10<br>2.5<br>2.3 | 1.4<br>0.95<br>1.05 | 1.23<br>0.14<br>0.15 |
| 6 | മഹാഗണി (1)<br>മഹാഗണി (2) | 11.5<br>3.60 | 1.8<br>1.30 | 2.32<br>0.38 |
| 7 | പ്ലാവ് | 6.55 | 1.2 | 0.58 |

ഇൻസ്പെക്ടർ ഓഫ് പോലീസ് കാളിയാർ , ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തൊടുപുഴ അറിവിലേക്കും വ്യാപക പരസ്യം നൽകുന്നതിനും

എല്ലാ പോലീസ് ഒഫ്ഫീസർമാർക്കും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും വ്യാപക പരസ്യം നൽകുന്നതിനും

എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും വ്യാപക പരസ്യം നൽകുന്നതിനും , സൂപ്രണ്ട് ഓഫ് ഗവൺമെൻറ് പ്രസ്സസ് ,ഗവൺമെൻറ് സെൻട്രൽ പ്രസ്സ് , തിരുവനന്തപുരം , ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് , ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഒഫ്ഫീസർക്ക് , 4 ദിന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്.

George A V IPS
District Police Chief